9. കുളിമാട് മുതൽ കുറ്റിക്കാട്ടൂർ വരെ കേട് വന്ന 700 എം.എം. പ്രിമോ പൈപ്പ് മാറ്റി 500 എം.എം. കാസ്റ്റ് അയേൺ പൈപ്പ് സ്ഥാപിക്കൽ

10. കുറ്റിക്കാട്ടൂരിൽ 7.5 ലക്ഷം സംഭരണ ശേഷിയുള്ള സമ്പും പമ്പ് ഹൗസും നിർമ്മിക്കൽ

11. കുറ്റിക്കാട്ടൂരിൽ പമ്പ് സെറ്റ് സ്ഥാപിക്കൽ (145 HP 3 Nos)

12. കുറ്റിക്കാട്ടൂരിൽ പവർ ലൈൻ ദീർഘിപ്പിക്കലും ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കലും

13. കുറ്റിക്കാട്ടൂർ മുതൽ കോവൂർ വരെ 2.1 കി.മീ. ദൂരത്തിൽ 600 എം.എം. കാസ്റ്റ് അയേൺ പൈപ്പ് പുതുതായി സ്ഥാപിക്കൽ

14. കുറ്റിക്കാട്ടൂർ മുതൽ വെള്ളിപ്പറമ്പ് വരെ 1.370 കി.മീ. ദൂരത്തിൽ 500 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിക്കൽ.

(സി) 18 എം.എൽ.ഡി. (18 മില്യൺ ലിറ്റർ) വെള്ളം ദിവസവും കൂടുതൽ ലഭിക്കും.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി 2005 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) 26-3-1996-ൽ.

(എഫ്) പവർ അലോക്കേഷന് അടയ്ക്കേണ്ട തുക എത്രയെന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടില്ല.

(ജി) വൈദ്യുതി ബോർഡിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭിച്ചാൽ പണം അടയ്ക്കാൻ അടിയന്തരനടപടി സ്വീകരിക്കുന്നതാണ്. വൈദ്യുതി ലഭിച്ചാൽ പദ്ധതി നടപ്പിലാക്കാൻ കാലതാമസമുണ്ടാകില്ല.

ഭാരതപ്പുഴ ഉറവിടമാക്കി കുടിവെള്ള പദ്ധതികൾ

72 (3281) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴ ഉറവിടമാക്കി എത്ര കുടിവെള്ള പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ വഴി എത്രപേർക്ക് കുടിവെള്ളം ലഭ്യമാക്കുന്നു എന്നു വ്യക്തമാക്കാമോ ;

(സി) വേനൽക്കാലത്ത് ഭാരതപ്പുഴയിൽ നീരൊഴുക്ക് കുറഞ്ഞ് കുടിവെള്ള വിതരണത്തിന് തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് ജലലഭ്യത ഉറപ്പു വരുത്താൻ തടയണകളും അടിയണകളും നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

(ഇ) എങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) പുതിയ തടയണകൾ സമയബന്ധിതമായി നിർമ്മിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഉണ്ട്.

(ഇ) അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(എഫ്) ശുദ്ധജലവിതരണ പദ്ധതികൾക്കുവേണ്ടി തടയണകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പാക്കുന്നതാണ്.

ഉള്ള്യേരി പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

73 (3282) ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴിയിലെ ജലസംഭരണിയിൽ നിന്നും കൊയിലാണ്ടിയിലും അനുബന്ധ പഞ്ചായത്തുകളിലും ശുദ്ധജലവിതരണം ചെയ്യുന്നതിനുള്ള പദ്ധതി പ്രവർത്തനം തുടങ്ങിയത് എന്നാണ് എന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഇതിനകം എന്തു തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്നത് കേരള വാട്ടർ അതോറിറ്റിയിലെ ഏത് വിഭാഗമാണെന്നും ഇതിനുവേണ്ടി പ്രത്യേക സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി ഉള്ള്യേരി പഞ്ചായത്തിൽ ശുദ്ധജലം എത്തിക്കാനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ഇ) പ്രസ്തുത പഞ്ചായത്തിൽ ജലവിതരണം ചെയ്യുന്നതിനായി എത്ര ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്;

(എഫ്) ഈ ടാങ്കുകളുടെ സംഭരണ ശേഷി എത്ര ലിറ്ററാണെന്ന് വെളിപ്പെടുത്താമോ;

(ജി) പ്രസ്തുത ശുദ്ധജലവിതരണ പദ്ധതി എന്ന് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly